**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3577 **22.08.2017- ൽ മറുപടിയ്ക്ക്**

**<u>സാമൂഹ്യനീതി വകുപ്പ് മുഖേനയുള്ള സഹായ പദ്ധതികൾ</u>**

**<u>ചോദ്യം</u>** **<u>മറുപടി</u>**

**ശ്രീ.എം.രാജഗോപാലൻ**

**കെ.കെ. ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി).**

| | | | |
|---|---|---|---|
| (എ) | കിടപ്പ് രോഗികൾക്കും അവരെ പരിചരിക്കുന്നവർക്കും സാമൂഹ്യനീതി വകുപ്പ് മുഖേന എന്തൊക്കെ സഹായ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കിടപ്പുരോഗികളെ പരിചരിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന 'ആശ്വാസകിരണം' പദ്ധതി പ്രകാരം പ്രതിമാസം 600/-രൂപ നിരക്കിൽ ധനസഹായം അനുവദിച്ചു വരുന്നു. വയോമിത്രം പദ്ധതി മുഖേന കിടപ്പുരോഗികൾക്ക് വേണ്ടി പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | കിടപ്പ് രോഗികൾക്കും അവരെ പരിചരിക്കുന്നവർക്കും പ്രതിമാസം നൽകുന്ന സഹായധനം വർദ്ധിപ്പിക്കാൻ നടപടികൾ ഉണ്ടാകുമോ; | (ബി) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം 21/10/2016-ൽ ആശ്വാസകിരണം പദ്ധതി പ്രകാരം നൽകുന്ന ധനസഹായം 525 രൂപയിൽ നിന്ന് 600 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | ഇപ്പോൾ നൽകുന്ന സഹായധനം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>'ആശ്വാസകിരണം' പദ്ധതി പ്രകാരം യഥാസമയം ധനസഹായം ലഭിക്കുന്നില്ല എന്നുള്ള ഗുണഭോക്താക്കളുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 2011 മുതൽ 2016 ആഗസ്റ്റ് 15 വരെ കെട്ടിക്കിടന്ന അപേക്ഷകൾ പരിഗണിച്ച് 90251 പേർക്ക് 2016 മാർച്ച് മുതൽ 2017 മാർച്ച് വരെ |

| | | | |
|---|---|---|---|
| | | | 67,83,79,799/-രൂപ വിതരണം ചെയ്തിട്ടുണ്ട്. 2012, 2013, 2014-വർഷങ്ങളിൽ അപേക്ഷിച്ചിട്ടുള്ളതും, തുടർന്ന് ധനസഹായം നൽകാതിരുന്നതുമായ അപേക്ഷകരുടെ പരാതികൾ ലഭിച്ചു വരുന്നത് സമയബന്ധിതമായി തീർപ്പാക്കി അർഹരായവർക്ക് ധനസഹായം നൽകുന്നതിനുള്ള സത്വരനടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ